പി. ഡബ്ല്യു. ഡി., ജലസേചനം എന്നീ വകുപ്പുകളിൽ ഓവർസീയർ തസ്തികയുടെ റാങ്ക് ലിസ്റ്റ്

26 [5169] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. ഡബ്ല്യു. ഡി., ജലസേചനം എന്നീ വകുപ്പുകളിൽ ഓവർസിയർ (സിവിൽ) ഗ്രേഡ് -III ന്റെ പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിൽവന്നത് എന്നാണ്; പ്രസ്തുത ലിസ്റ്റിന്റെ കാലാവധി എന്നുവരെയാണ് ഉള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്രയാളുകളെ നിയമിച്ചു. എത്രപേർക്ക് അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) വകുപ്പിൽ നിലവിലുള്ള ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ അടിയന്തിര നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 23-7-2001-ൽ ആണ് റാങ്ക് ലിസ്റ്റ് നിലവിൽവന്നത്. 3 വർഷമാണ് കാലാവധി.

(ബി) പൊതുമരാമത്ത് വകുപ്പിൽ 328 പേർക്കും ജലസേചന വകുപ്പിൽ 301 പേർക്കും നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. അഡ്വൈസ് മെമ്മോ അയച്ചവരുടെ വിവരം ശേഖരിച്ച് വരുന്നു.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

പൊതുമരാമത്ത്/ജലസേചന വകുപ്പുകളിലെ ഓവർസിയർമാരുടെ റാങ്ക് ലിസ്റ്റ്

27 [5170] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്ത്/ജലസേചന വകുപ്പുകളിൽ സെക്കന്റ് ഗ്രേഡ്, തേഡ് ഗ്രേഡ് ഓവർസിയർമാരുടെ ആകെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിലേക്ക് പി. എസ്. സി. റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ നിന്നും ഇതുവരെ എത്ര പേരെ നിയമിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത തസ്തികകളിൽ ദിവസക്കൂലി, കരാർ അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളെ നിയമിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത നിയമനം റദ്ദ് ചെയ്ത് പി. എസ്. സി. ലിസ്റ്റിൽനിന്നും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ;

(എഫ്) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിലേക്ക് ഓവർസീയർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(ജി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്ത ഉദ്യാഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജലസേചന വകുപ്പിൽ ഒഴിവുകളുടെ എണ്ണം കൃത്യമായി കണക്കാക്കാൻ കഴിഞ്ഞിട്ടില്ല. പൊതുമരാമത്ത് വകുപ്പിൽ രണ്ടാം ഗ്രേഡ് ഓവർസീയർമാരുടെ 62 ഒഴിവുകളുണ്ട്. മൂന്നാം ഗ്രേഡ് ഓവർസീയർമാരുടെ ഒഴിവുകൾ നിലവിലില്ല.

(ബി) ഉണ്ട്.

(സി) ജലസേചന വകുപ്പിൽ 280 രണ്ടാംഗ്രേഡ് ഓവർസീയർമാർക്കും 301 മൂന്നാം ഗ്രേഡ് ഓവർസീയർമാർക്കും നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിൽ 70 രണ്ടാം ഗ്രേഡ് ഓവർസീയർമാർക്കും 328 മൂന്നാം ഗ്രേഡ് ഓവർസീയർമാർക്കും നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ഉദിക്കുന്നില്ല.

(എഫ്) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും തദ്ദേശ സ്വയംഭരണ വകുപ്പിലേക്ക് പി. ഡബ്ല്യു. ഡി., ഇറിഗേഷൻ വകുപ്പുകൾ മുഖേന നിയമിക്കാറില്ല.

(ജി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly